**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# വിജ്ഞാപനം

**കേരളത്തിലെ എം.ബി.ബി.എസ്./ബി.ഡി.എസ്, പി.ജി.(മെഡിക്കൽ)/ദന്തൽ കോഴ്സുകളിലേക്കുമുള്ള പ്രവേശനം- എൻ.ആർ.ഐ.രേഖകൾ സംബന്ധിച്ച്.**

2019 വർഷത്തെ എം.ബി.ബി.എസ്./ബി.ഡി.എസ്, പി.ജി. മെഡിക്കൽ/ദന്തൽ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളിൽ എൻ.ആർ.ഐ. സീറ്റിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരിൽ നിശ്ചിത യോഗ്യതയുള്ളവർ താഴെ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ/ രേഖകൾ തയ്യാറാക്കി വയ്ക്കേണ്ടതാണ്.

**എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിനുള്ള യോഗ്യത:**

എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/അമ്മ/സഹോദരൻ അല്ലെങ്കിൽ സഹോദരി(മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/മകൾ ഉൾപ്പെടെ)/ഭർത്താവ്/ഭാര്യ/അച്ഛന്റേയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റേയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/മകൾ ഉൾപ്പെടെ)/അർദ്ധ സഹോദരൻ/അർദ്ധ സഹോദരി/ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം.

**സമർപ്പിക്കേണ്ടുന്ന രേഖകൾ:**

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപറയുന്ന രേഖകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (GO(MS) No. 243/2014/H&FWD തീയതി 06.08.2014 പ്രകാരം)
2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരു എൻ.ആർ.ഐ /ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.
3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

എൻ.ആർ.ഐ. ക്വാട്ട അവകാശവാദങ്ങൾ തെളിയിക്കുന്നതിനുള്ള കൃത്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുത്തുകയോ, ഈ വിഭാഗത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104, 2332123

തിരുവനന്തപുരം
08.02.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**